# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3908 20.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

പമ്പാവാലിയിലെ കൈവശ കൃഷിക്കാർക്ക് ലഭിച്ച പട്ടയം

<u>ചോദ്യം</u>

ശ്രീ.രാജു എബ്രഹാം

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | റാന്നി താലൂക്കിലെ പമ്പാവാലിയിൽ എത്ര കൈവശ കൃഷിക്കാർക്കാണ് ഇതേവരെ പട്ടയം നൽകിയിട്ടുള്ളത്; | പമ്പാവാലി പ്രദേശത്ത് 27.01.2011-ലെ സ.ഉ(കൈ) നം.50/2011/റവന്യൂ ഉത്തരവ് പ്രകാരം 2528 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. (അനുബന്ധം I) |
| (ബി) | നൽകിയ പട്ടയങ്ങളിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി)യും (സി)യും. റവന്യൂ (എ) വകുപ്പിലെ 58109/എ 1/14/റവന്യൂ നമ്പർ ഫയലിലാണ് ഇപ്പോൾ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചു വരുന്നത്. 27.01.2011-ലെ സ.ഉ(കൈ) നം.50/2011/റവന്യൂ ഉത്തരവ് പ്രകാരം പട്ടയം നൽകാൻ ഉത്തരവായതും എന്നാൽ വ്യത്യസ്തമായ വിസ്തീർണ്ണം/സർവ്വെ പിശക്/ വീട്ട് പേര് വ്യത്യാസം/ ഇരട്ടിപ്പ് എന്നിവ ഉള്ളതിനാൽ ഇതുവരെ കൈവശ കക്ഷികൾക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കാത്തതുമായ 290 കൈവശക്കാർക്ക് മാത്രം സർക്കാർ ഉത്തരവിൽ നിന്നും കാണുന്ന വ്യത്യാസങ്ങൾ പരിശോധിച്ച് പട്ടയം തയ്യാറാക്കി നൽകുന്നതിന് റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തി 25.07.2015-ലെ സ.ഉ(എം.എസ്)നം.346/2015/റവന്യൂ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം II) |
| (സി) | പമ്പാവാലിയിൽ നൽകിയ പട്ടയങ്ങളിലെ അപാകത പരിഹരിക്കുന്നതിനും, പുതുതായി പട്ടയം നൽകുന്നതിനും പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കണമെന്ന ജില്ലാ വികസന സമിതിയുടെ പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്നാണ് ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചിട്ടുള്ളത്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ

21385 Flag D Attention to Revenue (A) Section.

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽപ്പെട്ട പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് ഓരോരുത്തരുടേയും കൈവശമുള്ള ഭൂമിക്ക് സൗജന്യമായി പട്ടയം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്) നമ്പർ.50/2011/റവന്യൂ. തീയതി, തിരുവനന്തപുരം, 27.1.2011

---

3428

വായിച്ചത്:- 1. 22.5.08, 11.5.10, 22.1.2011 എന്നീ തീയതികളിലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ സി6-48941/99-ാം നമ്പർ കത്തുകൾ.
2. ബഹു.ഹൈക്കോടതിയുടെ 24.6.2009-ലെ 30670/04-ാം നമ്പർ റിട്ട് പെറ്റീഷനിന്മേലുള്ള വിധിന്യായം.

## ഉത്തരവ്

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽപ്പെട്ട പമ്പാവാലി പ്രദേശത്തെ കൈവശഭൂമി പതിച്ചു കിട്ടുന്നതിനായി പ്രദേശവാസികൾ അരനൂറ്റാണ്ടിലേറെയായി നിരന്തരമായി ആവശ്യപ്പെട്ടിരുന്നു എന്നും, പ്രസ്തുത പ്രദേശത്തിൽപ്പെട്ട എട്ടു പേർ ചേർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C)30670/2004-ന്മേലുള്ള ബഹു.കോടതിയുടെ 24.6.2009-ലെ വിധിന്യായ പ്രകാരം, വിധിപ്പകർപ്പ് ലഭിച്ച് 9 മാസത്തിനകം പട്ടയം നൽകുന്നതിന് നിയമ പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ച് ഹർജിക്കാർക്ക് പട്ടയം നൽകാൻ ജില്ലാകളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്തുകൾ പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. "Grow More Food Scheme"-ൽപ്പെടുത്തി കൃഷി ആവശ്യത്തിനായി കർഷകർക്ക് നൽകിയിരുന്ന 536.43 ഹെക്ടർ വനഭൂമി 1956-ൽ റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. അക്കാലത്ത് സർക്കാർ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് നൽകിയ ഭൂമിയായതിനാൽ മേൽപ്പടി പ്രദേശവാസികൾ അനധികൃത കൈയ്യേറ്റക്കാരല്ലെന്ന് വ്യക്തമാണെന്നും അരനൂറ്റാണ്ടിലേറെയായി ജനവാസ പ്രദേശമായ പ്രസ്തുത പ്രദേശത്ത് നിലവിൽ 1600-ളം കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വിവിധ മതസ്ഥരുടെ ആരാധനാലയങ്ങൾ, ഹൈസ്കൂൾ, പോസ്റ്റ് ഓഫീസ്, ആയുർവേദ ആശുപത്രി, സഹകരണ ബാങ്ക് തുടങ്ങിയവ പ്രവർത്തിച്ചു വരുന്നുണ്ടെന്നും കളക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. W.P.(C)30670/04-ന്മേൽ ബഹു.ഹൈക്കോടതിയുടെ 24.6.2009-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1964-ലെ ഭൂമി പതിവു ചട്ടങ്ങളിലെ 24-ാം ചട്ടപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽപ്പെട്ട പമ്പാവാലി പ്രദേശത്തുള്ളതും "Grow More Food Scheme" പ്രകാരം കർഷകർക്ക് നൽകുന്നതിനുവേണ്ടി 1956-ൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമായ 536.43 ഹെക്ടറിൽപ്പെടുന്ന ഭൂമിയിലെ, ഇതിനോട് അനുബന്ധമായി വച്ചിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ളള, പ്രസ്തുത പ്രദേശത്തെ ആകെ 2851 കൈവശക്കാരിൽ, സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 33 എണ്ണം ഒഴികെയുള്ള 2818 കൈവശക്കാർക്ക് പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇളവു ചെയ്ത്, ഒരു പ്രത്യേക കേസായി ഓരോരുത്തരുടേയും കൈവശമുള്ള മുഴുവൻ ഭൂമിയ്ക്കും സൗജന്യമായി പട്ടയം നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. കൂടാതെ ഇവർ ഓരോരുത്തരുടേയും കൈവശഭൂമിയ്ക്ക് സർവ്വെ സ്കെച്ച് തയ്യാറാക്കി സർവ്വെ നമ്പർ അനുവദിച്ചു നൽകുന്നതിനും ഉത്തരവാകുന്നു.

പത്തനംതിട്ട ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.നിവേദിത പി.ഹരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ വകുപ്പ്.

1. ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, പത്തനംതിട്ട,
3. പൊതുഭരണ (എസ്.സി) വകുപ്പിന്
   (201.1.2011-ലെ മന്ത്രിസഭാ യോഗ തീരുമാനം നമ്പർ 5645 പ്രകാരം)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

സംഗ്രഹം

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽപ്പെട്ട പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് ലിസ്റ്റിലെ അപാകതമൂലം പട്ടയം ഇതുവരെ ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിന് റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(എം.എസ്.)നം.346/2015/റവന്യൂ. തീയതി, തിരുവനന്തപുരം, 25.07.2015.

==================================================

പരാമർശം : 1) 27.01.2011-ലെ സ.ഉ.(കൈ)നം.50/2011/റവന്യൂ

2) 10.02.2015-ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ സി5-4159/97 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽപ്പെട്ട പമ്പാവാലി പ്രദേശത്തെ കൈവശക്കാർക്ക് ഓരോരുത്തരുടെയും കൈവശമുള്ള ഭൂമിക്ക് സൗജന്യമായി പട്ടയം അനുവദിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കൊല്ലമുള വില്ലേജിലെ പമ്പാവാലി പ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ള 2851 കൈവശക്കാരിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 2528 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും ഇനിയും 290 പട്ടയങ്ങൾ വിവിധ കാരണങ്ങളാൽ കൈവശ കക്ഷികൾക്ക് നൽകാനുണ്ടെന്നും അർഹരായവർക്ക് പട്ടയം നൽകാൻവേണ്ടി റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തണമെന്നും പരാമർശം 2 പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ കൊല്ലമുള വില്ലേജിൽ പമ്പാവാലി പ്രദേശത്ത് പരാമർശം 1 പ്രകാരം പട്ടയം നൽകാൻ ഉത്തരവായതും എന്നാൽ വ്യത്യസ്തമായ വിസ്തീർണ്ണം/സർവ്വെ പിശക്/ വീട്ട് പേര് വ്യത്യാസം/ ഇരട്ടിപ്പ് എന്നിവ ഉള്ളതിനാൽ ഇതുവരെ കൈവശ കക്ഷികൾക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കാത്തതുമായ 290 കൈവശക്കാർക്ക് മാത്രം സർക്കാർ ഉത്തരവിൽ നിന്നും കാണുന്ന വ്യത്യാസങ്ങൾ പരിശോധിച്ച് പട്ടയം തയ്യാറാക്കി നൽകുന്നതിന് റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ടി.വി.വിജയകുമാർ**

**അഡീഷണൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & സ്പെഷ്യൽ ഓഫീസർ, ലാൻഡ് ബാങ്ക്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
തഹസിൽദാർ, റാന്നി, പത്തനംതിട്ട.
റവന്യൂ (എൽ) വകുപ്പ്. (അനന്തര നടപടികൾക്കായി)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**